

TUESDAY 17/09/2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/09/2024

1. ഈ വർഷം സംസ്ഥാനത്ത് 1000 ഹെക്ടർ വിസ്തൃതിയിൽ 11 ഇനം ഫലവൃക്ഷ വിളകളുടെ കൃഷി വ്യാപിപ്പിക്കും. നാടൻ ഫലവർഗ്ഗ വിളകളായ മാവ്, പ്ലാവ്, വാഴ, പപ്പായ എന്നിവയ്ക്കൊപ്പം മാങ്കോസ്റ്റിൻ, റംബുട്ടാൻ, ഡ്രാഗൺ ഫ്രൂട്ട്, അവക്കാഡോ തുടങ്ങിയ ഫല വർഗ്ഗ വിളകളെയും ക്ലസ്റ്റർ അധിഷ്ഠിത കൃഷിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫലവൃക്ഷ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ ഈ വർഷം തന്നെ 200 ക്ലസ്റ്ററുകൾ കൃഷി വകുപ്പിൻറെ നേതൃത്വത്തിൽ സംസ്ഥാനത്ത് രൂപവത്കരിക്കുന്നതാണ്. ഫല വർഗ്ഗങ്ങളുടെ അത്യുല്പാദനശേഷിയുള്ള തൈകൾ ലഭ്യമാക്കുക, സംസ്ഥാനത്തെ പഴവർഗ്ഗ ഉൽപ്പാദനം വർദ്ധിപ്പിക്കുക, അതുവഴി പോഷക സമൃദ്ധിയിലേക്ക് നീങ്ങുക എന്നീ ലക്ഷ്യങ്ങളോടെയാണ് ആരംഭിച്ചിട്ടുള്ളത്. പോഷക സമൃദ്ധി കൈവരിക്കുന്നതിനാവശ്യമായ വിളകളെ ഉൾപ്പെടുത്തി പോഷക തോട്ടങ്ങൾ, കൃഷി ക്ലസ്റ്ററുകൾ, കൂൺ ഗ്രാമങ്ങൾ, മില്ലറ്റ് കഫേ, സംരക്ഷിത കൃഷി, പരമ്പരാഗത കൃഷി ഇനങ്ങളുടെ വ്യാപനം, കൃത്യത കൃഷി, തരിശു നില കൃഷി തുടങ്ങിയവ വ്യാപകമാക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ മലപ്പുറം ജില്ലയില പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി മേലാറ്റൂർ, എടപ്പറ്റ, വെട്ടത്തൂർ വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ ഒക്ടോബർ 10 നും കീഴാറ്റൂർ, നെന്മിനി, കാര്യവട്ടം വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ ഒക്ടോബർ 14 നും പുലാമന്തോൾ, ഏലംകുളം, കുരുവമ്പലം വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ ഒക്ടോബർ 16 നും മങ്കട, വടക്കാങ്ങര, കുറുവ വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ ഒക്ടോബർ 21 നും വേങ്ങര, കണ്ണമംഗലം, ഊരകം, പറപ്പൂർ വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ നവംബർ ഏഴിനും തേഞ്ഞിപ്പലം, ചേലേമ്പ്ര, പള്ളിക്കൽ വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ നവംബർ 11 നും എ.ആർ.നഗർ,മുന്നിയൂർ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പെരുവള്ളൂർ വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ നവംബർ 18 നും മലപ്പുറത്തെ കർഷക തൊഴിലാളി ക്ഷേമനിധി ഓഫീസിൽ എത്തിക്കണമെന്ന് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു.

3. വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ ആഭിമുഖ്യത്തിൽ മലപ്പുറം കോട്ടക്കുന്ന് ആർട്ട് ഗ്യാലറിയിൽ സംഘടിപ്പിക്കുന്ന ഫോട്ടോ പ്രദർശനത്തിൽ വന്യജീവി ഫോട്ടോഗ്രാഫർമാർക്ക് പങ്കാളികളാവാം. തൃശ്ശൂർ ലളിത കലാ അക്കാദമിയുമായി ചേർന്ന് ഒക്ടോബർ അഞ്ചു മുതൽ എട്ടു വരെയുള്ള ദിവസങ്ങളിലാണ് ഫോട്ടോ പ്രദർശനം നടക്കുക. മലപ്പുറം ജില്ലയിലെ വന്യജീവി ഫോട്ടോഗ്രാഫർമാരുടെ ഫോട്ടോകളാണ് പ്രദർശനത്തിന് ഒരുക്കുന്നത്. 'പശ്ചിമഘട്ടവും വന്യജീവികളും', 'കാടിനു പുറത്തെ കാടറിവുകൾ' എന്നീ വിഷയങ്ങളിലുള്ള ഫോട്ടോ പ്രദർശനത്തിൽ ഫോട്ടോകൾ പ്രദർശിപ്പിച്ച് പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ സെപ്റ്റംബർ 25 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0483-2734803, 8547603864, 9048135953, 8547603857

4. കാർഷിക സർവ്വകലാശാല കാർഷിക കോളേജ് പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വഴുതന, മുളക്, പുതിന, മുരിങ്ങ കട്ടിങ്സ് എന്നിവ ലഭ്യമാണ്. വില്പന സമയം രാവിലെ 9:00 മണി മുതൽ 4 മണി വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188248481.

5. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം കുമരകത്ത് 2024- 25 അധ്യയന വർഷത്തേക്ക് കാർഷിക ബിരുദം(ഓണേഴ്സ്) കോഴ്സിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കാനുള്ള അവസാന

മാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

തീയതി 19.10.2024 വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ അന്വേഷണങ്ങൾക്ക് 0487 2438139എന്ന നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക

6. പരിശീലന പരിപാടി

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 19.09.2024 മുതൽ Microirrigation എന്ന വിഷയത്തിൽ 5 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം